പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1779 | 05.02.2019-ലെ മറുപടിക്ക്

## റോഡ് സുരക്ഷാ അതോറിറ്റിക്ക് റോഡ് സെസ്സ് ഇനത്തിൽ നൽകേണ്ട തുക

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) |

| | | | |
|---|---|---|---|
| (എ) | 2004-ലെ റോഡ് സുരക്ഷാ അതോറിറ്റി നിയമപ്രകാരം വാഹനങ്ങളുടെ രജിസ്ട്രേഷൻ സമയത്ത് ഈടാക്കുന്ന റോഡ് സെസ്സിന്റെ മുഴുവൻ തുകയും വാഹന ഉടമകളിൽ നിന്നും ഈടാക്കുന്ന പിഴയുടെ പകുതിയും അതോറിറ്റിക്ക് കൈമാറണമെന്ന് വ്യവസ്ഥയുണ്ടോ; | (എ) | 2007-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി ആക്ട് 11 (2) എ പ്രകാരം സർക്കാർ, വാഹന ഉടമകളിൽ നിന്നും പിരിച്ചെടുക്കുന്ന സെസ്സ് ആദ്യം സംസ്ഥാന സഞ്ചിത നിധിയിൽ ക്രെഡിറ്റ് ചെയ്യേണ്ടതും അതിന് ശേഷം തുക പിരിച്ചെടുക്കുന്നതിനും ഈടാക്കുന്നതിനും സർക്കാർ നിശ്ചയിച്ച പ്രകാരമുള്ള ചെലവ് കുറവ് ചെയ്ത ശേഷം, ശേഷിച്ച തുക ധനവിനിയോഗത്തിലൂടെ റോഡ് സുരക്ഷാ ഫണ്ടിലേക്ക് ഉൾക്കൊള്ളിക്കേണ്ടതാണ്.<br>ടി ആക്ടിലെ വകുപ്പ് 11 (3) അനുസരിച്ച് 1988-ലെ മോട്ടോർ വാഹന വകുപ്പ് ആക്ടിലെ 200 വകുപ്പിൻ കീഴിൽ മുൻ വർഷ രാജിയാക്കൽ ഫീസിന്റെ 50%നു തുല്യമായ തുക ഓരോ വർഷവും റോഡ് സുരക്ഷാ ഫണ്ടിൽ നൽകേണ്ടതാണ്. |
| (ബി) | എങ്കിൽ ഇപ്രകാരം 2016-17, 2017-18, 2018-19 വർഷങ്ങളിൽ എത്ര തുകയാണ് റോഡ് സുരക്ഷാ അതോറിറ്റിക്ക് കൈമാറിയതെന്ന് അറിയിക്കുമോ; | (ബി) യും (സി) യും | 2016-17, 2017-18 എന്നീ വർഷങ്ങളിൽ റോഡ് സുരക്ഷാ ഫണ്ടിലേക്ക് തുക കൈമാറിയിട്ടില്ല. 2017-18-ൽ മുൻവർഷങ്ങളിലെ നീക്കിയിരിപ്പിൽ നിന്നും സർക്കാർ തിരിച്ചെടുത്ത 22.39 കോടി രൂപ ഉൾപ്പെടെ 70.25 കോടി രൂപ 2018-19-ൽ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. |
| (സി) | പ്രസ്തുത തുക പൂർണ്ണമായും കൈമാറിയിട്ടില്ലെങ്കിൽ അത് അടിയന്തരമായി കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ? | | |

**സെക്ഷൻ ഓഫീസർ**